## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 208 11.06.2012 -ൽ മറുപടിയ്ക്ക്**

**ചന്ദ്രശേഖരൻ വധക്കേസിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പ്രസ്താവന**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പുരുഷൻ കടലുണ്ടി : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ചന്ദ്രശേഖരൻ വധക്കേസിൽ സി.പി.ഐ (എം)-ന്റെ മുതിർന്ന നേതാക്കളെ കുടുക്കിയില്ലെങ്കിൽ അന്വേഷണം സി.ബി.ഐ.ക്ക് വിടുമെന്ന കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ഒരു പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) കേന്ദ്രമന്ത്രിയുടെ പ്രസ്താവനയ്ക്കാധാരമായി അദ്ദേഹത്തിന് ഔദ്യോഗികമായി ലഭിച്ച എന്തെങ്കിലും റിപ്പോർട്ടോ അദ്ദേഹത്തിന്റെ കയ്യിലുള്ളതായ എന്തെങ്കിലും തെളിവുകളോ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ; | ബി) ഇത്തരത്തിൽ ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. |
| സി) സംഭവം നടന്ന് അൽപസമയത്തിനകം തന്നെ കേന്ദ്ര ആഭ്യന്തര സഹമന്ത്രി നടത്തിയ പ്രതികരണത്തിൽ സി.പി.ഐ (എം)-നെ കുറ്റപ്പെടുത്തിയത് അദ്ദേഹത്തിന്റെ കയ്യിലുള്ള എന്തെല്ലാം തെളിവുകളുടെ അടിസ്ഥാനത്തിലാണെന്ന് അന്വേഷണ സംഘത്തെ അറിയിച്ചിട്ടുണ്ടോ; | സി) ഇല്ല. |
| ഡി) സംഭവവുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര സഹമന്ത്രി സംസ്ഥാന ആഭ്യന്തര വകുപ്പിന് എന്തെങ്കിലും വിവരങ്ങൾ നൽകിയിട്ടുണ്ടോ ? | ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ